## ഗ്ളോസ്സറി

**Fred Talk** – വായിക്കുന്നതിനു മുൻപ് വാക്ക് ശബ്ദിക്കൽ (blending)

**sound-blending** – ഒരു വാക്ക് ഉണ്ടാക്കാൻ ശബ്ദങ്ങൾ ഒന്നിപ്പിക്കൽ, ഉദാ. c–a–t *cat*

**special friends** – ഒന്നിലധികം അക്ഷരങ്ങൾ കൊണ്ടെഴുതിയ ശബ്ദങ്ങൾ, ഉദാ. **sh**, **ng**, **qu**, **ch**

**Speed Sounds** – വാക്കുകളെ ഉണ്ടാക്കുന്ന ഒറ്റപ്പെട്ട ശബ്ദങ്ങൾ



**നിങ്ങളുടെ കുട്ടിക്ക് കഥ ഉൾക്കൊണ്ടുകൊണ്ട് വികാരത്തോടെ വായിച്ചു കൊടുക്കുക ! *നിങ്ങൾ* ആ കഥ എത്രയധികം സ്നേഹിക്കുന്നോ, നിങ്ങളുടെ കുട്ടി വായനയെ അത്രയധികം സ്നേഹിക്കും.**

നിങ്ങളുടെ കുട്ടിയെ എങ്ങനെ സഹായിക്കാമെന്ന് ബുക്ക്ലെറ്റ് 1 നിങ്ങളോട് പറയുന്നു

- Set 1 Speed Sounds വായിക്കുക
- സൌണ്ടുകൾ വാക്കുകളുമായി കലർത്തുക
- Blending Books വായിക്കുക
- ചുവപ്പ്, പച്ച, പർപ്പിൾ എന്നീ Storybooks വായിക്കുക

https://www.ruthmiskin.com/en/find-out-more/parents/ ൽ നിങ്ങളുടെ കുട്ടിയെ സഹായിക്കുന്നതിനുള്ള നിരവധി വീഡിയോകൾ ഉണ്ട്.

*Read Write Inc.*,ലെ കൂടുതൽ വിവരങ്ങൾക്ക് ദയവായി നിങ്ങളുടെ കുട്ടിയുടെ സ്കൂളിലെ *Read Write Inc.* മാനേജരുമായി സംസാരിക്കുകയോ www.readwriteinc.com സന്ദർശിക്കുകയോ ചെയ്യുക.

OXFORD UNIVERSITY PRESS
www.oup.com

web www.oxfordprimary.co.uk
email primary.enquiries@oup.com
tel. +44 (0) 1536 452610

Read Write Inc. Phonics

# വീട്ടിലെ വായന ലഘുലേഖ 1

നിങ്ങളുടെ കുട്ടി, വളരെ പ്രചാരമുള്ളതും വിജയകരവുമായ സാക്ഷരതാ പ്രോഗ്രാമുകൾ *Read Write Inc. Phonics*, കൊണ്ട് വായിക്കാൻ പഠിക്കുകയാണ്. ഈ **ആദ്യ ലഘുലേഖ** നിങ്ങളുടെ കുട്ടിയെ എങ്ങനെ പെട്ടന്നുള്ള ഒരു തുടക്കത്തിലേക്ക് എത്തിക്കാൻ കഴിയുമെന്ന് കാണിച്ചുതരുന്നു.

നിങ്ങളുടെ കുട്ടി ഒരു വളരെ ലളിതമായ മാർഗ്ഗത്തിൽ വായിക്കാൻ പഠിക്കും. അവൻ അല്ലെങ്കിൽ അവൾ ഇനിപ്പറയുന്ന കാര്യങ്ങൾ പഠിക്കും:

1. **അക്ഷരങ്ങൾ** അവയുടെ 'ശബ്ദങ്ങൾ' (സൌണ്ടുകൾ) കൊണ്ട് വായിക്കുക
2. ഈ ശബ്ദങ്ങൾ **വാക്കുകളു**മായി കലർത്തുക
3. ഒരു **കഥ** യിലെ വാക്കുകൾ വായിക്കുക.



OXFORD

# എന്റെ കുട്ടി എങ്ങനെ വായിക്കാൻ പഠിക്കും?

ആദ്യം, നിങ്ങളുടെ കുട്ടി വായിക്കാൻ പഠിക്കുന്നത്: .

- Set 1 Speed Sounds: ഇവ ഒരു അക്ഷരത്തിൽ എഴുതുന്ന ശബ്ദങ്ങളും : **m a s d t i n p g o c k u b f e l h r j v y w z x** രണ്ട് അക്ഷരങ്ങൾ കൊണ്ട് എഴുതുന്ന ശബ്ദങ്ങളും (നിങ്ങളുടെ കുട്ടി ഇതിനെ 'സ്പെഷ്യൽ ഫ്രണ്ട്സ്' എന്നു വിളിക്കും): **sh th ch qu ng nk ck** ആകുന്നു.
- ഈ ശബ്ദങ്ങൾ അടങ്ങിയിരിക്കുന്ന വാക്കുകൾ, sound-blending ലൂടെ, ഉദാ. m–a–t *mat*, c–a–t *cat*, g–o–t *got*, f–i–sh *fish*, s–p–o–t *spot*, b–e–s–t *best*, s–p–l–a–sh *splash*
- Blending Books ചുവപ്പ്, പച്ച, പർപ്പിൾ Storybooks.

രണ്ടാമത്, അവൻ അല്ലെങ്കിൽ അവൾ എങ്ങനെ വായിക്കണം എന്നു പഠിക്കും:

- Set 2 Speed Sounds: **ay ee igh ow oo ar or air ir ou oy**
- ഈ ശബ്ദങ്ങൾ അടങ്ങിയ വാക്കുകൾ
- പിങ്ക്, ഓറഞ്ച്, മഞ്ഞ Storybook.

മൂന്നാമത് , അവൻ അല്ലെങ്കിൽ അവൾ ഇവ വായിക്കാൻ പഠിക്കും:

- Set 3 Speed Sounds: **ea oi a-e i-e o-e u-e aw are ur er ow ai oa ew ire ear ure**
- ഈ ശബ്ദങ്ങൾ അടങ്ങിയ വാക്കുകൾ
- നീല, ചാര (ഗ്രേ) സ്റ്റോറിബുക്കുകൾ.

നിങ്ങളുടെ കുട്ടിയെ ആ അക്ഷരത്തിനുള്ള ശബ്ദം പറയാൻ പഠിപ്പിക്കും, ആ അക്ഷരത്തിന്റെ പേരല്ല, അപ്പോൾ 'm' എന്നത് 'mat' ലെ പോലെ, 'em' അല്ല; 's' എന്നത് 'sun' പോലെ 'es' അല്ല.



## *നിങ്ങളുടെ കുട്ടി വായിക്കുന്നത് എങ്ങനെ ശ്രവിക്കണം*



- നിങ്ങളുടെ കുട്ടി നിങ്ങൾക്ക് അത് വായിച്ചു തരും മുൻപ് ആ ബുക്ക് ഉറക്കെ വായിക്കരുത്.
- അവൻ അല്ലെങ്കിൽ അവൾ കഥ വായിക്കും മുൻപ് നിങ്ങളുടെ കുട്ടിയോട് ശബ്ദങ്ങളും വാക്കുകളും വായിക്കാൻ പറയുക.
- നിങ്ങളുടെ കുട്ടി കഥ വായിക്കുമ്പോൾ, അവന് അല്ലെങ്കിൽ അവൾക്ക് ഒട്ടോമാറ്റിക്കായി വായിക്കാൻ കഴിയാത്ത വാക്കുകൾ ശബ്ദമായി വായിക്കാൻ പറയുക. നിങ്ങളുടെ കുട്ടിയെ ഒരുപാട് ബുദ്ധിമുട്ടാൻ അനുവദിക്കരുത്. അവൻ അല്ലെങ്കിൽ അവൾ വിജയിക്കുമ്പോൾ നിങ്ങളുടെ കുട്ടിയെ അഭിനന്ദിക്കുക.
- കഥ മുന്നോട്ടുപോകുന്നതിനായി ഒരോ വരി അല്ലെങ്കിൽ പേജ് തിരികെ വായിച്ചു കേൾപ്പിക്കുക. (നിങ്ങളുടെ കുട്ടിയുടെ ഊർജ്ജം വാക്കുകൾ വായിക്കുന്നതിലേക്കാണു പോകുക കഥയിലേക്കല്ല.
- ചിത്രം ഉപയോഗിച്ചുകൊണ്ട് വാക്ക് ഊഹിക്കാൻ നിങ്ങളുടെ കുട്ടിയോട് ആവശ്യപ്പെടരുത്.
- അത് മുഴുവനും ക്ഷമയോടെയും സ്നേഹത്തോടെയും ചെയ്യുക!

ഞങ്ങൾക്ക് സ്കൂളിൽ എല്ലാ ദിവസവും ഒരു സ്റ്റോറി ടൈം (കഥ വായിക്കുന്ന സമയം) ഉണ്ട്, അപ്പോൾ കുട്ടികൾക്ക് കഥകളോടുള്ള ഇഷ്ടം വളരും. നിങ്ങൾ എല്ലാ ദിവസവും രാത്രി ഒരു ബെഡ് ടൈം സ്റ്റോറി വായിക്കുക വഴി നിങ്ങൾക്കും അങ്ങനെയായിരിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഞങ്ങളുടെ കൈവശം സ്കൂളിൽ നിങ്ങൾക്ക് കടം വാങ്ങാവുന്ന വിസ്മയകരമായ ബുക്കുകൾ ഉണ്ട്.

## 3. *Sound Blending Books* വായിക്കാൻ നിങ്ങളുടെ കുട്ടിയെ സഹായിക്കുക





നിങ്ങളുടെ കുട്ടിയോട് ഒരോ വാക്കും ശബ്ദങ്ങളിൽ (Fred Talk) വായിക്കാൻ ആവശ്യപ്പെടുക, എന്നിട്ട് വാക്ക് പറയുക. എന്നിട്ട്, അവനു അല്ലെങ്കിൽ അവൾക്ക് തിരിച്ചുനോക്കി അവർ വായിച്ചത് ശരിയാണോ എന്ന് പരിശോധിക്കാം.

## 4. *Storybooks* വായിക്കാൻ നിങ്ങളുടെ കുട്ടിയെ സഹായിക്കുക

### ബ്ലാക്ക് ആൻഡ് വൈറ്റ് സ്റ്റോറിബുക്കുകൾ

**(Black and White Storybooks)**

നിങ്ങളുടെ കുട്ടി *Read Write Inc. Phonics* Storybooks വായിക്കാൻ തുടങ്ങിയാൽ എത്രയും പെട്ടന്ന് തന്നെ, അവൻ അല്ലെങ്കിൽ അവൾ വീട്ടിൽ ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് Storybooks കൊണ്ടുവരും. ഇത് അവൻ അല്ലെങ്കിൽ അവൾ സ്കൂളിൽ വായിക്കുന്ന കളർ വെർഷന്റെ ഒരു കോപ്പി ആണ്.





നിങ്ങളുടെ കുട്ടി ഈ കഥ മൂന്നുതവണ അവരുടെ റീഡിങ് ടീച്ചറിനൊപ്പം വായിക്കേണ്ടതായുണ്ട്, അതുകൊണ്ട് കഥ ആത്മവിശ്വാസത്തോടെ വായിക്കാൻ കഴിയേണ്ടതുണ്ട്.

എങ്ങനെ ആക്റ്റിവിറ്റീസ് പിന്തുടരണം എന്നത് സംബന്ധിച്ച് ഒരു ചെറിയ വിശദീകരണം ബുക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

### Book Bag Books

നിങ്ങളുടെ കുട്ടി വീട്ടിൽ Book Bag Book കൊണ്ടുവന്നേക്കാം. ഈ പുസ്തകം അവൻ അല്ലെങ്കിൽ അവൾ ഇപ്പോൾ വായിച്ച Storybooks ലെ ആശയങ്ങളും പല വാക്കുകളും അടിസ്ഥാനമാക്കിയുള്ളതാണ്. നിങ്ങളുടെ കുട്ടിക്ക് ഈ ബുക്കു വായിക്കുന്നതിനു കൂടുതൽ സഹായം ആവശ്യം വരും.

വീണ്ടും, ആക്ടിവിറ്റീസ് എങ്ങനെ പിന്തുടരണം എന്നതിന്റെ വിശദീകരണം ബുക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.






## 1. നിങ്ങളുടെ കുട്ടിയെ *Set 1 Speed Sounds* വായിക്കാൻ സഹായിക്കുക


ശബ്ദങ്ങൾ വ്യക്തമായി പരിശീലിക്കുന്നതിനു നിങ്ങൾ തുടങ്ങുന്നതിനു മുൻപ്, https://www.ruthmiskin.com/en/find-out-more/parents/ സന്ദർശിക്കുക. കൂടുതൽ വ്യക്തമായി *നിങ്ങൾ* ശബ്ദം പറയുമ്പോൾ, കൂടുതൽ വേഗത്തിൽ നിങ്ങളുടെ കുട്ടി അവ പഠിക്കും.


> **പ്രധാനം:** നമ്മൾ ശബ്ദങ്ങൾ പഠിപ്പിക്കുമ്പോൾ '*mmmm* എന്നാണു പറയുക' not 'muh' എന്നല്ല, കൂടാതെ '*lllll*' എന്നാണ്, 'luh' എന്നല്ല. കുട്ടികൾ വാക്കുകൾ വായിക്കുന്നതിനു ശബ്ദങ്ങൾ കലർത്താൻ പഠിക്കുമ്പോൾ ഇത് ശരിക്കും സഹായകമാകുന്നു.


നിങ്ങളുടെ കുട്ടി Set 1 Speed Sounds കാർഡുകൾ അല്ലെങ്കിൽ ഒരു *My Set 1 Speed Sounds Book* വീട്ടിൽ കൊണ്ടുവരും.

ഒരോ ശബ്ദവും ഒരു ചിത്രത്തിന്റെ ആകൃതിയിൽ വരച്ചിരിക്കുന്നത് കാണാം. ഉദാഹരണത്തിന്:

- 's' ഒരു പാമ്പിന്റേ (snake) ആകൃതിയിൽ
- 'd' ഒരു ഡിനോസറിന്റെ (dinosaur) ആകൃതിയിൽ
- 'a' ഒരു ആപ്പിളിന്റെ (apple) ആകൃതിയിൽ
- 'm' രണ്ട് മലകളുടെ (mountains) ആകൃതിയിൽ






## Set 1 Speed Sounds കാർഡുകൾ ഉപയോഗിക്കുന്നു

ഓരോ ചിത്രത്തിന്റെയും പേർ കാർഡുകളുടെ പിന്നിൽ എഴുതിയിട്ടുണ്ട്.


1. ഓരോ കാർഡിന്റെയും പിന്നിലുള്ള ചിത്രത്തിന്റെ പേരു പറയാൻ നിങ്ങളുടെ കുട്ടിയോട് ആവശ്യപ്പെടുക, ഉദാ. a-a-a-apple, sssssnake, ഒരോ സമയവും വേഗത്തിലാക്കുക.
2. ഓരോ ചിത്രത്തിനും പിന്നിൽ മറഞ്ഞിരിക്കുന്ന ശബ്ദം പറയാൻ നിങ്ങളുടെ കുട്ടിയെ സഹായിക്കുക, ഉദാ. 's' ആണു snake നു പിന്നിൽ. നിങ്ങളുടെ കുട്ടിക്ക് ഇത് വേഗത്തിൽ ചെയ്യാനാകും വരെ ഇത് ആവർത്തിക്കുക.
3. നിങ്ങളുടെ കുട്ടിയെ അക്ഷരങ്ങളുടെ വശത്തെ ശബ്ദങ്ങൾ പറയാൻ സഹായിക്കുക, ഒരോ തവണയും വേഗത്തിലാക്കിക്കൊണ്ട്. അവൻ അല്ലെങ്കിൽ അവൾ മറന്നാൽ, ചിത്രത്തിന്റെ വശത്തേക്ക് തിരിക്കുക. നിങ്ങളുടെ കുട്ടിക്ക് പരിശോധിക്കാനായി തിരിക്കാതെ ശബ്ദങ്ങൾ പറയാൻ കഴിയുമ്പോൾ, വേഗത വർദ്ധിപ്പിക്കുക!



Speed Sounds എങ്ങനെ ക്ലാസ്സ് റൂമിൽ പരിശീലിക്കുന്നു.

## My Set 1 Speed Sounds Book ഉപയോഗിക്കൽ

നിങ്ങളുടെ കുട്ടിയോട് ബുക്ക് താളുകൾ പെട്ടന്നു മറിക്കാനും അവൾക്ക് അല്ലെങ്കിൽ അവനു പറ്റുന്നത്ര വേഗത്തിൽ ശബ്ദങ്ങൾ വായിക്കാനും പറയുക. നിങ്ങളുടെ കുട്ടി ഒരു സൌണ്ട് വായിക്കാൻ മടിക്കുന്നെങ്കിൽ, ഒരു ഓർമ്മപ്പെടുത്തൽ എന്ന നിലയിൽ 'ചിത്രം-ശബ്ദം' പിൻഭാഗത്തുണ്ട്. നിങ്ങളുടെ കുട്ടിക്ക് അതേ പേജിൽ തന്നെ ശബ്ദം എഴുതുന്നതും പരിശീലിക്കാവുന്നതാണ്.




*My Set 1 Speed Sounds Book* ശബ്ദങ്ങൾ വായിക്കുന്നതും എഴുതുന്നതും പരിശീലിക്കുക.



## *2. നിങ്ങളുടെ കുട്ടിയെ വാക്കുകൾ വായിക്കാൻ സഹായിക്കുക*

നിങ്ങളുടെ കുട്ടിക്ക് Set 1 Speed Sounds ആത്മവിശ്വാസത്തോടെ വായിക്കാനായാൽ, അവന് അല്ലെങ്കിൽ അവൾക്ക് വാക്കുകൾ വായിക്കാൻ പഠിക്കാൻ കഴിയും. ആദ്യം, നിങ്ങളുടെ കുട്ടിയെ Fred എന്ന ഒരു ടോയി ഫ്രോഗ് (തവള) നെ പരിചയപ്പെടുത്തും. Fred Talk നു ഒരു വാക്കിലെ സൌണ്ടുകൾ പറയാൻ *മാത്രമേ* കഴിയൂ, വാക്കു വായിക്കാൻ അതിനെ നിങ്ങളുടെ കുട്ടി സഹായിക്കണം. അപ്പോൾ, നിങ്ങളുടെ കുട്ടി 'Fred Talk' എന്ന് പറയുന്നതു കേൾക്കുമ്പോൾ, നിങ്ങൾക്കറിയാം, ഇത് അർത്ഥമാക്കുന്നത് വാക്കിന്റേ സൌണ്ട് പറയുക എന്നതാണെന്ന്.

നിങ്ങൾക്ക് ഇനി പറയുന്ന സ്റ്റെപ്പുകൾ പിന്തുടരുന്നതിലൂടെ നിങ്ങളുടെ കുട്ടിയെ വാക്കുകൾ വായിക്കാൻ സഹായിക്കാനാകും.



ഫ്രെഡ് സൌണ്ടുകൾ പറയുകയും കുട്ടികൾ ആ വാക്ക് എന്താണെന്നു പറയുകയും ചെയ്യുന്നു

1. നിങ്ങളുടെ കുട്ടിക്ക് പെട്ടന്ന് വായിക്കാവുന്ന ഒരു വാക്ക് 3 കാർഡുകൾ കൊണ്ട് ഉണ്ടാക്കുക, ഉദാ. c–a–t.

   | c | a | t |
   |---|---|---|

   സൌണ്ട് ഉച്ചരിക്കുകയും അതിൽ ചൂണ്ടുകയും ചെയ്യുക, എന്നിട്ട് വാക്കു പറയുക. നിങ്ങളെ അനുകരിക്കാൻ, നിങ്ങളുടെ കുട്ടിയോട് പറയുക.

   കാർഡുകൾ കൂട്ടിക്കുഴയ്ക്കുക. നിങ്ങളുടെ കുട്ടിയോട്, വാക്ക് വീണ്ടും ഉണ്ടാക്കാൻ ആവശ്യപ്പെടുക, എന്നിട്ട് ചൂണ്ടിക്കാണിക്കാനും സൌണ്ടുകൾ പറയാനും പറയുക.

   കൂടുതൽ 3-സൌണ്ട് വേഡുകൾ ആവർത്തിക്കുക, ഒന്നിലധികം അക്ഷരങ്ങളുള്ള ചില സൌണ്ടുകൾ അടങ്ങിയിരിക്കുന്നവ അടക്കം, ഉദാ. ch–a–t, sh–i–p, th–i–s.
2. മൂന്നു കാർഡുകൾ എടുത്തു വയ്ക്കുക. ഇത്തവണ, നിങ്ങളുടെ *കുട്ടിയോട് ശബ്ദങ്ങൾ* പറയാൻ ആവശ്യപ്പെടുക.

   അവനെ അല്ലെങ്കിൽ അവളെ സൌണ്ടുകൾ വാക്കുകളുമായി കലർത്താൻ സഹായിക്കുക, നിങ്ങളുടെ കുട്ടിക്ക് അതു നിങ്ങളുടെ സഹായമില്ലാതെ ചെയ്യാൻ കഴിയുന്നതുവരെ.
3. ചില 4-സൌണ്ട് വാക്കുകൾ കൊണ്ട് ആവർത്തിക്കുക, ഉദാ. b–l–i–p, f–r–o–g, g–r–i–n, s–t–o–p, j–u–m–p, h–a–n–d, b–l–a–ck.